**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1905** **12-09-2023 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് സർവ്വകലാശാലയുടെ ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് പാട്ടത്തിന് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് സർവ്വകലാശാലയുടെ ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് ചാലക്കുടി താലൂക്കിലെ പേരാമ്പ്ര വില്ലേജിൽ സർവ്വെ നം. 83 ൽപ്പെട്ട തരിശ് പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ള 0.4148 ഹെക്ടർ ഭൂമി പാട്ട വ്യവസ്ഥയിൽ അനുവദിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിൽ ചാലക്കുടി താലൂക്ക് പേരാമ്പ്ര വില്ലേജ് സർവെ നം. 83-ൽപ്പെട്ടതും ബി.ടി.ആർ. പ്രകാരം 'തരിശ് പുറമ്പോക്ക്' എന്ന് രേഖപ്പെടുത്തിയതുമായ 0.4148 ഹെക്ടർ ഭൂമി കാലിക്കറ്റ് യൂണിവേഴ്സിറ്റി ആവശ്യപ്പെട്ടതുപോലെ യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് അഞ്ചു വർഷത്തിലൊരു തവണ പാട്ടത്തുക അടവാക്കുന്ന രീതിയിൽ 99 വർഷം പാട്ടത്തിന് അനുവദിക്കുന്നത് നിലവിൽ സാധ്യമല്ല എന്നും, നിബന്ധനകൾക്കു വിധേയമായി 30 വർഷത്തേക്ക് പാട്ടത്തിന് നൽകാവുന്നതാണ് എന്നും ലാൻഡ് റവന്യു കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.<br><br>മേൽ സാഹചര്യത്തിൽ, പ്രസ്തുത ഭൂമി കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് പാട്ടത്തുകയുടെ 2% നിരക്കിൽ 30 വർഷത്തേയ്ക്ക് ഓരോ മൂന്ന് വർഷം കൂടുമ്പോഴും പാട്ടം പുതുക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ നിബന്ധനകൾക്കനുസൃതമായി പാട്ടത്തിന് അനുവദിക്കുന്ന വിഷയത്തിൽ സർവകലാശാലയുടെ അഭിപ്രായം തേടി 12.07.2023-ന് കത്ത് നൽകി. തുടർന്ന്, പ്രസ്തുത വിഷയം സർവകലാശാല സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഭൂമി പാട്ടത്തിന് അനുവദിക്കുന്നതിനുള്ള വ്യവസ്ഥകളും നിബന്ധനകളും വിശദീകരിക്കുമോ; | (ബി) | പ്രസ്തുത ഭൂമി കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് 2 % നിരക്കിൽ 30 വർഷത്തേക്ക് ഓരോ മൂന്ന് വർഷം കൂടുമ്പോഴും പാട്ടം പുതുക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ താഴെ പറയുന്ന നിബന്ധനകൾക്കനുസൃതമായി പാട്ടത്തിന് അനുവദിക്കുന്ന വിഷയമാണ് പരിഗണനയിലുള്ളത് :<br><br>1. ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ<br>2. ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ |

| | | | |
|---|---|---|---|
| | | | അന്യാധീനപ്പെടുത്തുവാനോ പാട്ടുള്ളതല്ല<br>3. ഭൂമി ഉപപാട്ടത്തിനു തറവാടകക്ക് നല്കുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല.<br>4. ഭൂമി എല്ലാത്തരത്തിലുമുള്ള കൈയേറ്റങ്ങളിൽ നിന്നും കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്റർ തന്നെ സംരക്ഷിച്ചു നിർത്തേണ്ടതാണ് .<br>5. ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാട്ടുള്ളതല്ല .അഥവാ മുറിക്കേണ്ടിവന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയ ശേഷമേ മുറിക്കുവാൻ പാട്ടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.<br>6. ഓരോ മൂന്നു വർഷം തോറും പാട്ടം പുതുക്കേണ്ടതാണ്.<br>7. പാട്ടത്തുക എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്നു മാസത്തിനുള്ളിൽ ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2% മോ അതിനു മുകളിലോ പിഴ പലിശ ഈടാക്കുന്നതുമാണ് .<br>8. പാട്ടവസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം സർവീസ് ലൈനുകൾ സ്ഥാപിക്കൽ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്.<br>9. മേൽ പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്. |
| (സി) | പ്രസ്തുത വ്യവസ്ഥകളും നിബന്ധനകളും കാലിക്കറ്റ് സർവ്വകലാശാല അംഗീകരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ അഭിപ്രായം അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | പ്രസ്തുത വ്യവസ്ഥകളും നിബന്ധനകളും അംഗീകരിക്കുന്ന വിഷയം സർവകലാശാല സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | ഭൂമി പാട്ടത്തിന് എടുക്കുന്നതിനുള്ള നടപടികളിൽ കാലതാമസം ഉണ്ടാകുന്നപക്ഷം പ്രസ്തുത സ്ഥാപനത്തിന്റെ അംഗീകാരം ഉൾപ്പെടെ എൻ.സി.ടി.ഇ. റദ്ദാക്കുവാനുള്ള സാഹചര്യമുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഭൂമി ഏറ്റെടുക്കുന്ന വിഷയം നിലവിൽ സർവകലാശാല സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്. വിഷയത്തിൽ അനുകൂല തീരുമാനം എടുക്കുന്ന മുറയ്ക്ക് ഭൂമി കൈമാറ്റത്തിനുള്ള നടപടികൾ സർവകലാശാല ത്വരിതഗതിയിൽ പൂർത്തിയാക്കി പ്രസ്തുത ഭൂമിയിൽ എൻ.സി.ടി.ഇ. നിഷ്കർഷിക്കുന്ന സൗകര്യങ്ങൾ |

| | | | |
|---|---|---|---|
| | | | പ്രകാരമുള്ള കെട്ടിടം പണിയുന്നതിനുള്ള നടപടികൾ കൈക്കൊള്ളാവുന്നതാണ്. |
| (ഇ) | എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ഇ) | (ഡി)-യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ